രാകാറില്ല. അപ്രകാരം താല്ക്കാലികമായി തൊഴിൽരഹിതരാകുന്നവർ താമസിയാതെത്തന്നെ മത്സ്യബന്ധനത്തിലും മറ്റും ഏർപ്പെടുകയാണ് പതിവ്.

(ബി) തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള കടൽതീരത്തുള്ള മത്സ്യത്തൊഴിലാളികളാണ് കടൽക്ഷോഭം മൂലം താല്ക്കാലികമായി തൊഴിൽ രഹിതരാകുന്നത്.

(സി) ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ കൂടി സഹകരണത്തോടെ റവന്യൂ വകുപ്പാണ് നടപടികൾ കൈക്കൊള്ളാറുള്ളത്. എന്നാൽ മത്സ്യ ഫെഡിന്റെ ഭവനനിർമ്മാണ പദ്ധതി പ്രകാരം പുതിയ വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലായി 17,206 വീടുകൾ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് നല്കി. കൂടാതെ 2794 വീടുകളുടെ പണി പുരോഗതിയിലാണ്.

മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം

20 [2434] ശ്രീ. ടി.കെ. അബ്ദു:
,, വർക്കല രാധാകൃഷ്ണൻ:
,, പി വി. കുഞ്ഞിക്കണ്ണൻ:
,, കെ. പുരുഷോത്തമൻ:
,, സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നല്കുന്ന പദ്ധതി അനുസരിച്ച് കഴിഞ്ഞ വർഷം എത്രപേർക്ക് ധനസഹായം നല്കി;

(ബി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം കടലിൽ മത്സ്യം പിടിക്കാൻ പോയ എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) 1985-86 വർഷത്തിൽ 142 പേർക്ക്.

(ബി) 48 മത്സ്യത്തൊഴിലാളികൾ.

കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ

21 [2435] ശ്രീ. വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതിന്റെ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഹാർബർ നിർമ്മാണം ഏത് പഞ്ചവത്സര പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്. 4,66,500 രൂപയാണ് മതിപ്പുചെലവ്.

(സി) ഇത് ഏഴാം പഞ്ചവത്സര പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലമാറ്റം

22 [2436] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3 വർഷത്തിലധികം ഒരു സ്ഥലത്ത് സർക്കാർ ജീവനക്കാരെ ജോലി ചെയ്യാൻ അനുവദിക്കരുതെന്ന് ഗവൺമെന്റ് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം പഞ്ചായത്ത് വകുപ്പിൽ പാലിക്കുന്നില്ല എന്ന പരാതിയെപ്പറ്റി അന്വേഷിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ 3 വർഷത്തിലധികം ഒരു സ്ഥലത്ത് ഒരു തസ്തികയിൽ തന്നെ തുടർച്ചയായി ജോലി ചെയ്യുന്ന എത്ര എക്സിക്യൂട്ടീവ് ഓഫീസർമാരുണ്ട്; എത്ര മറ്റു പഞ്ചായത്ത് ജീവനക്കാരുണ്ട്;

(ഡി) തൃശ്ശൂർ ജില്ലയിൽ 3 വർഷത്തിലധികം ഒരേ സ്ഥലത്ത് ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റി വിവിധ പഞ്ചായത്തുകളിൽ നിയമനം നൽകാൻ വേണ്ട നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർക്ക് നൽകുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കുറഞ്ഞത് 3 വർഷമെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഒരു സ്ഥലത്തുതന്നെ ജോലി ചെയ്യാൻ അനുവദിക്കണമെന്ന നിർദ്ദേശമുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തൃശ്ശൂർ ജില്ലയിൽ ഓരോ പഞ്ചായത്തിലും 3 വർഷത്തിലധികം കാലമായി ജോലി നോക്കുന്ന എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിവരങ്ങൾ അനുബന്ധമായി † ചേർത്തിരിക്കുന്നു. മറ്റ് ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ നിർദ്ദേശം നൽകുന്നതാണ്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly